**ജില്ലാദുരന്തനിവാരണഅതോറിറ്റി ചെയർമാൻ & കോഴിക്കോട് ജില്ലാകളക്ടറുടെ നടപടിക്രമം.**

*(ഹാജർ : എ ഗീത ഐ എ എസ്)*

***

വിഷയം : നിപ വൈറസ് രോഗം- കണ്ടൈൻമെൻറ് സോണുകളിലെ നിയന്ത്രണ ങ്ങളിൽ- ഇളവുകൾ വരുത്തി -ഉത്തരവ്

സൂചന : 1) ബഹു ആരോഗ്യവകുപ്പ് മന്ത്രിയുടെ 18-09-2023 ലെ യോഗ തീരുമാനം.

2) 13-09-2023 ലെ **DCKKD/9827/2023-F4** നമ്പർ ഉത്തരവ്

3) 15-09-2023 ലെ **DCKKD/9827/2023-F4** നമ്പർ ഉത്തരവ്

4) 14-09-2023 ലെ **DCKKD/9827/2023-F4** നമ്പർ ഉത്തരവ്

********************************************************************************

**ഉത്തരവ് നമ്പർ : DCKKD/9827/2023-F4 തിയ്യതി : 21-09-2023**

*************************************************************************************

കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽപ്പെട്ട സ്ഥലങ്ങളിൽ നിപ വൈറസ് ബാധ സ്ഥിരീകരിക്കുകയും രണ്ട് പേർ മരണപ്പെടുകയും ചെയ്ത സാഹചര്യത്തിൽ രോഗം കൂടുതൽ പേരിലേക്ക് പകരാതിരിക്കാൻ സൂചന 1,2,3 പ്രകാരം കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ 9 ഗ്രാമപഞ്ചായത്തുകളിലെ വിവിധ വാർഡുകളും ഫറോക്ക് മുനിസിപ്പാലിറ്റിയിലെ എല്ലാവാർഡുകളും കോഴിക്കോട് കോർപറേഷനിലെ 43,44,45,46,47,48,51 വാർഡുകളും കണ്ടൈൻമെൻറ് സോണുകളായി പ്രഖ്യാപിച്ച നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു.

1. വടകര താലൂക്കിൽ മരണപ്പെട്ടവരുമായും നിപ പോസിറ്റീവ് ആയവരുമായും സമ്പർക്കമുണ്ടായിരുന്ന എല്ലാവരെയും ഇതിനകം കണ്ടെത്തിക്കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ സൂചന 1,2 പ്രകാരം കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ 9 ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വാർഡുക ളെയും കണ്ടൈൻമെൻറ് സോണിൽ നിന്നും ഒഴിവാക്കുന്നു. എന്നാൽ പോസിറ്റീവ് ആയവരുമായി അടുത്ത സമ്പർക്കമുണ്ടായതിനെ തുടർന്ന് ക്വാറന്റൈനിൽ കഴിയുന്നവർ ആരോഗ്യവകുപ്പിന്റെ നിർദേശം ലഭിക്കുന്നതുവരെ ക്വാറന്റൈനിൽ തുടരേണ്ടതാണ്.
2. അതെ സമയം ജില്ലയിൽ നിപ ജാഗ്രതയെ തുടർന്ന് സൂചന 4 പ്രകാരം പൊതുവായി ഏർപ്പെടുത്തിയ എല്ലാ നിയന്ത്രണങ്ങളും തുടരേണ്ടതാണ്. എല്ലാവരും മാസ്കും സാനിറ്റൈസറും നിർബന്ധമായും ഉപയോഗിക്കേണ്ടതും സാമൂഹിക അകലം പാലിക്കേണ്ടതുമാണ്.

ഇതുകൂടാതെ സൂചന 3 പ്രകാരം കണ്ടൈൻമെൻറ് സോണിൽ ഉൾപ്പെടുത്തിയ ഫറോക്ക് മുനിസിപ്പാലിറ്റിയിലെ എല്ലാ വാർഡുകളിലും കോഴിക്കോട് കോര്പറേഷനിലെ 43,44,45,46,47,48,51 വാർഡുകളിലും താഴെ പറയുന്ന ഇളവുകളും അനുവദിച്ച ഉത്തരവാകുന്നു.

3. ഇളവുകൾ അനുസരിച്ച് കണ്ടൈൻമെന്റ് സോണിലെ എല്ലാ കട കമ്പോളങ്ങളും രാത്രി 8 മണി വരെ പ്രവർത്തിപ്പിക്കാവുന്നതാണ് . കണ്ടൈൻമെന്റ് സോണിലെ എല്ലാ ബാങ്കുകളും ട്രഷറിയും ഉച്ചയ്ക്ക് 2 മണി വരെ പ്രവർത്തിക്കാവുന്നതാണ് .മറ്റ് നിയന്ത്രണങ്ങൾ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ തുടരും. അതേസമയം സമ്പർക്ക പട്ടികയിൽ പെട്ടിരിക്കുന്ന ആളുകളും നിരീക്ഷണത്തിലുള്ള ആളുകളും കർശനമായ നിയന്ത്രണങ്ങൾ പാലിക്കേണ്ടതും ആരോഗ്യവകുപ്പ് നിർദ്ദേശിക്കുന്ന കാലയളവ് വരെ ക്വാറന്റൈനിൽ കഴിയേണ്ടതുമാണ്.

ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി,_കോഴിക്കോട്.

Copy:

- District Police chief (City),Kozhikode
- District Police chief (Rural),Kozhikode
- DMO Kozhikode
- Secretary, Kozhikode Corporation
- Secretary, Feroke Municipality
- Secretary, Ayencheri, Grama Panchayath
- Secretary, Maruthonkara Grama Panchayath
- Secretary,Thiruvallur Grama Panchayath
- Secretary, Kuttiyadi Grama Panchayath
- Secretary, Kayakkodi Grama Panchayath
- Secretary, Villiappalli Grama Panchayath
- Secretary, Kavilumpara Grama Panchayath
- Secretary, Purameri Grama Panchayath
- Secretary,Changaroth Grama Panchayath